(സി) ഈ ആവശ്യത്തിന് നമ്മുടെ സസ്യങ്ങളെ വിദേശത്തേയ്ക്ക് കൊണ്ടുപോയിട്ടുണ്ടോ;

(ഡി) പ്രസ്തുത ഗവേഷണങ്ങളുടെ ഫലം ഏതെങ്കിലും വിദേശികളുമായി ചേർന്ന് ഏതെങ്കിലും ജേർണലിൽ പ്രസിദ്ധീകരിച്ചിട്ടുണ്ടോ;

(ഇ) ഇതുമായി ബന്ധപ്പെട്ട് ഹോർട്ടികൾച്ചറൽ ഡിവിഷൻ തലവൻ ഡോക്ടർ ജേക്കബ് തോമസ് ഒരു സെമിനാറിന് പങ്കെടുക്കുവാൻ വേണ്ടി കോപ്പൻഹേഗനിൽ (ഡെന്മാർക്ക്) പോവുകയുണ്ടായോ;

(എഫ്) ഇദ്ദേഹം പോയപ്പോൾ മുല്ലച്ചെടികൾ ഉണക്കി പൊടിച്ച് കൊണ്ടുപോയിരുന്നതായി അറിവുണ്ടോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ദേശജാതി സസ്യങ്ങളിൽ സംയുക്ത ഗവേഷണം നടത്തിയിട്ടില്ല.

(സി) ഇല്ല.

(ഡി) ദേശജാതി സസ്യങ്ങളിൽപെടാത്ത സസ്യങ്ങളെ സംബന്ധിച്ച സംയുക്ത ഗവേഷണ ഫലങ്ങൾ ജേർണൽ ഓഫ് എത്ത്നോഫാർമക്കോളജി, 'ജേർണൽ ഓഫ് നാച്ചുറൽ പ്രോഡക്ട്സ് പ്ലാന്റ് മെഡിക്ക' എന്നിവയിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

(ഇ) ഇതുമായി ബന്ധപ്പെട്ട് പോയിട്ടില്ല.

(എഫ്) താന്നിക്കയുടെ തോടും, പിച്ചിയുടെ ഉണക്കിയ ഇലയും രണ്ടു ശാസ്ത്രജ്ഞന്മാരുടെ ഗവേഷണ പഠനത്തിനായി കൊണ്ടുപോയിട്ടുണ്ട്.

കടലിന്റെ അടിത്തട്ടിലുള്ള അമൂല്യഔഷധങ്ങൾ

25 (2954) ശ്രീ. സി.കെ. നാണു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടലിന്റെ അടിത്തട്ടിലുള്ള അമൂല്യമായ ഔഷധങ്ങൾ അടക്കമുള്ള വിഭവങ്ങൾ കണ്ടെത്താൻ സംസ്ഥാന ഗവൺമെന്റ് ശാസ്ത്രീയ പഠനങ്ങൾ ആരംഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ആരംഭിക്കുമോ;

(ബി) ഏതെങ്കിലും വിദേശ ഏജൻസികൾ കടലിനടിയിലെ മത്സ്യേതര വിഭവങ്ങൾ പരിശോധിക്കാൻ സംസ്ഥാനത്തിന്റെ പരിധിയിൽപ്പെട്ട കടലിൽ പരീക്ഷണം നടത്തുന്നുണ്ടോ;

(സി) കേന്ദ്ര സർക്കാർ കടലിനടിയിലെ വിഭവങ്ങൾ സംഭരിക്കാനുള്ള എന്തെങ്കിലും ശാസ്ത്രീയ പരീക്ഷണങ്ങൾ സംസ്ഥാനത്തോട് ചേർന്നുള്ള കടലിൽ ആരംഭിച്ചിട്ടുള്ളതായി അറിയുമോ?

ഉത്തരം

(എ) പ്രസ്തുത പഠനങ്ങൾ ഒന്നും തന്നെ ഇതുവരെ ആരംഭിച്ചിട്ടില്ല. എന്നാൽ പുതിയ പ്രോഗ്രാമുകൾ ആരംഭിക്കാൻ ഉദ്ദേശമുണ്ട്.

(ബി) ഇല്ല.

(സി) ജിയോളജിക്കൽ സർവ്വെ ഓഫ് ഇൻഡ്യയുടെ മറൈൻ ജിയോളജി വിഭാഗം കടലിനടിയിലെ ഖനിജസമ്പത്തിനെക്കുറിച്ച് ശാസ്ത്രീയ പഠനം നടത്തു

LIBRARY ARCHIVES Kerala Legislative Assembly

ന്നുണ്ട്. കൂടാതെ കടലിനടിയിലുള്ള മത്സ്യേതര വിഭവങ്ങളെയും ഔഷധപ്രാധാന്യമുള്ള കടൽജീവികളേയും സംബന്ധിച്ച് പഠനങ്ങൾ കേന്ദ്ര സമുദ്ര മത്സ്യ ഗവേഷണ സ്ഥാപനത്തിൽ നടന്നു വരുന്നുണ്ട്.

നർക്കോട്ടിക് കൺട്രോൾ വകുപ്പിന്റെ പ്രവർത്തനം

26 (2955) ശ്രീ. വെങ്ങാനൂർ പി. ഭാസ്കരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നർക്കോട്ടിക് കൺട്രോൾ വകുപ്പിൽ 1996-99 കാലയളവിൽ എത്ര കേസുകളാണ് രജിസ്റ്റർ ചെയ്തിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ;

(ബി) ഈ വകുപ്പിന്റെ പ്രവർത്തനങ്ങളിൽ ആവശ്യത്തിന് ജീവനക്കാരുടെ അഭാവം കാരണം തടസ്സമുണ്ടായിട്ടുള്ളതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എത്ര ഉദ്യോഗസ്ഥരാണ് ഈ വകുപ്പിൽ പ്രവർത്തിക്കുന്നതെന്ന് തസ്തിക തിരിച്ച് വ്യക്തമാക്കാമോ;

(ഡി) ആവശ്യാനുസരണം ഉദ്യോഗസ്ഥരെ നിയമിച്ച് ഈ വകുപ്പിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 154 നർക്കോട്ടിക് കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) ചില ജില്ലകളിൽ ആവശ്യത്തിനുള്ള ജീവനക്കാരില്ല. എങ്കിലും വകുപ്പിന്റെ പ്രവർത്തനത്തിൽ തടസ്സങ്ങളൊന്നും ഇല്ല.

(സി)

1.	എക്സൈസ് സർക്കിൾ ഇൻസ്പെക്ടർ	-	15
2.	എക്സൈസ് ഇൻസ്പെക്ടർ	-	15
3.	പ്രിവന്റീവ് ഓഫീസർ	-	50
4.	എക്സൈസ് ഗാർഡ്	-	223

(ഡി) നടപടി സ്വീകരിച്ചിട്ടുണ്ട്.

കോഴിക്കോട് ജില്ലാ കളക്ടർക്കെതിരെയുള്ള നടപടി

27 (2956) ശ്രീമതി ശോഭനാ ജോർജ് :

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :

ശ്രീ. എ.കെ. മണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലാ കളക്ടർ ആയിരുന്ന അമിതാഭ്കാന്തിനെ അഴിമതി ആരോപണത്തിന്റെ പേരിൽ സർവീസിൽ നിന്ന് സസ്പെന്റു ചെയ്തിട്ടുണ്ടോ;

(ബി) ഈ ഉദ്യോഗസ്ഥനെ എന്നാണ് സർവ്വീസിൽ നിന്നും സസ്പെൻറ് ചെയ്തത്;

(സി) എന്തൊക്കെ ആരോപണത്തിന്റെ പേരിലാണ് സസ്പെന്റ് ചെയ്തത്;

LIBRARY ARCHIVES Kerala Legislative Assembly